"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് – ആദ്യ 1000 ദിന പരിപാടി തെറാപ്യൂട്ടിക് ഫുഡ് വാങ്ങുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ (സാധാ) നം. 395/2021/സാനീവ തീയതി 07.06.2021

2. 01.07.2021 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

### ഉത്തരവ് നം. ICDS A5-5515/2021 തീയതി: 19.07.2021

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതായതിനാൽ കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആ ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ ഈ മേഖലയിലാരംഭിച്ച പദ്ധതി നിലവിൽ മലയോര, തീരദേശ മേഖല, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് ആകെ 11 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു. 2021 -22 സാമ്പത്തിക വർഷം മുതൽ പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനത്തെ പുതിയ 17 പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 28 പ്രോജക്ടുകളിൽ നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമായിരിക്കുന്നു.

സംസ്ഥാനത്തെ തെരഞ്ഞെടുത്ത 28 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ ആദ്യ 1000 ദിനപരിപാടി നടപ്പിലാക്കുന്നതിലേയ്ക്കായി പരാമർശം(1) ഉത്തരവ് പ്രകാരം മെഡിക്കൽ ക്യാമ്പ് തെറാപ്യൂട്ടിക് ഫുഡ് വിതരണം ഉൾപ്പെടെ ആകെ 2,18,40,000/- രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ 3 മാസത്തിലൊരിക്കലാണ് ഗർഭിണികൾക്കുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. പ്രസ്തുത ക്യാമ്പിൽ ഗർഭിണികളുടെ തൂക്കം, രക്തസമ്മർദ്ദം തുടങ്ങിയവ പരിശോധിക്കുകയും ഇവർക്കുള്ള പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾ അങ്കണവാടികൾ മുഖേന വിതരണം ചെയ്യുകയും ചെയ്യുന്നു. മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നു.

മെഡിക്കൽ ക്യാമ്പിനായി ഒരു പ്രോജക്ടിന് ചുവടെ പറയുന്ന രീതിയിലാണ് തുക അനുവദിച്ച് ഉത്തരവായിരിക്കുന്നത്.

| | | |
|---|---|---|
| ക്യാമ്പിന്റെ സംഘാടനം | - | 5000 |
| ഡോക്ടേഴ്സ് ഹോണറേറിയം | - | 2 x 1000 = 2000 |
| ലഘു ഭക്ഷണം | - | 100 x 50 രൂപ = 5000 |
| ഒരു ക്യാമ്പിന്റെ ചെലവ് | - | 12000 |

വർഷത്തിൽ 3 ക്യാമ്പിന് ചെലവാകുന്ന തുക-12000 x 3 = 36000

ഒരു പ്രോജക്ടിന് ചെലവാകുന്ന തുക - 36000 x 5 = 180000/-
(പരമാവധി 5 സെക്ടറിനുള്ള തുക)

- കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കേണ്ട മെഡിക്കൽ ക്യാമ്പ് നിലവിൽ സംഘടിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിലും ക്യാമ്പിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നേരിട്ട് പദ്ധതി സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ആദ്യ മെഡിക്കൽ ക്യാമ്പിന് അനുവദിച്ച തുകയിൽ നിന്നും സേവിംഗ്സ് കണ്ടെത്തി ടി തുകയിൽ അധികരിക്കാതെ വകുപ്പിൽ നിന്നു ലഭ്യമാക്കിയിട്ടുള്ള IEC കലണ്ടർ പ്രിന്റ് ചെയ്തു ഓരോ അങ്കണവാടി പരിധിയിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും നൽകേണ്ടതും അങ്കണവാടികളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

- അങ്കണവാടി ഏരിയയിലെ ഗർഭിണികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേണം IEC കലണ്ടർ പ്രിന്റ് ചെയ്യേണ്ടത്. സ്റ്റോർ പർച്ചേസ് മാന്വൽ നടപടികളിലൂടെ IEC കലണ്ടർ പ്രിന്റ് ചെയ്യുന്നതിന് എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാരെയും ചുമതലപ്പെടുത്തുന്നു. (Specification : A4 സൈസിൽ gsm 130 ആർട്ട് പേപ്പറിൽ ബുക്ക് രൂപത്തിൽ double side പ്രിന്റ് ചെയ്ത് വിതരണം ചെയ്യേണ്ടതാണ്.)

- കുറഞ്ഞ ഭാരത്തോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഭാഗമായി പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് നൽകേണ്ടതായിട്ടുണ്ട്.

- ഈ വിഭാഗങ്ങൾക്ക് മാത്രമാണ് തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നതെന്ന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

- പരാമർശം(2) പ്രകാരം നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താവുന്നതാണ്.

- ഒരു പ്രോജക്റ്റിന്റെ പരിധിയിൽ 250 ഗുണഭോക്താക്കൾ എന്ന എണ്ണം നിശ്ചയിച്ചാണ് തെറാപ്യൂട്ടിക് ഫുഡിനുള്ള ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം ഇനിയും അധികരിച്ചാൽ അധിക ഫണ്ട് അനുവദിക്കുന്നതിനായി റിക്വസിഷനും ആവശ്യമായ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

- ആഗസ്റ്റ് – നവംബർ മാസം വരെയുള്ള 4 മാസത്തേക്കുള്ള തെറാപ്യൂട്ടിക് ഫുഡിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. ടി തുക ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് അതാത് മാസം ചെലവഴിക്കേണ്ടതാണ്. തുടർന്ന് അടുത്ത 4 മാസത്തേക്കുള്ള (Dec – March) വരെ ഫണ്ടിനുള്ള റിക്വസിഷൻ ആവശ്യമായ രേഖകൾ സഹിതം നവംബർ 15 നകം ലഭ്യമാക്കേണ്ടതാണ്.

- ഏതെങ്കിലും കാരണവശാൽ ഫണ്ട് അനുവദിക്കുന്നതിനോ മറ്റോ താമസം നേരിടുകയാണെങ്കിൽ കുടുംബശ്രീ യൂണിറ്റുമായി ബന്ധപ്പെട്ട് ഫീഡിംഗ് തടസ്സം ഉണ്ടാകാതെ പദ്ധതി നടപ്പിലാക്കാൻ സി.ഡി.പി.ഒ മാർ ശ്രദ്ധിക്കേണ്ടതാണ്.

- ഓരോ പ്രോജക്റ്റിലേയ്ക്കും ആവശ്യമായ തെറാപ്യൂട്ടിക് ഫുഡ് കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഓരോ മാസവും അങ്കണവാടികൾ വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

- തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നതിന് പ്രത്യേക രജിസ്റ്റർ അങ്കണവാടിയിൽ സൂക്ഷിക്കേണ്ടതും ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തിയതിന് ശേഷം മാത്രമേ ഫുഡ് വിതരണം നടത്താവൂ.

- ഓരോ മാസവും പുതിയതായി വരുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച്

തുക ചെലവഴിക്കേണ്ടതും ശേഷം ആയതിന്റെ വിശദാംശം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഒരു ഗുണഭോക്താവിന് ഒരു മാസത്തേയ്ക്ക് 3 kg തെറാപ്യൂട്ടിക് ഫുഡ് വീതം 4 മാസത്തേയ്ക്ക് (ആഗസ്റ്റ് – നവംബർ) 12 kg തെറാപ്യൂട്ടിക് ഫുഡ് ആവശ്യമായി വരും. 1 kg തെറാപ്യൂട്ടിക് ഫുഡിന് GST ഉൾപ്പെടെ 96.06 രൂപയുമാണ് ചെലവു വരുന്നത്. അപ്രകാരം 28 ICDS പ്രോജക്ടുകൾക്ക് തെറാപ്യൂട്ടിക് ഫുഡിനായി ആകെ 80,69,040/- രൂപ (എൺപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാൽപത് രൂപ മാത്രം) ആവശ്യമായിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുള്ള ചെലവ് ഇനത്തിലും തെറാപ്യൂട്ടിക് ഫുഡിനുള്ള ചെലവു ഇനത്തിലും ആകെ **1,31,09,040/-** (ഒരു കോടിമുപ്പത്തിഒന്നു ലക്ഷത്തി ഒൻപതിനായിരത്തി നാൽപ്പതു രൂപ) ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| **ക്രമ നം** | **ജില്ല** | **പ്രോജക്ട്** | **ഒരു വർത്തേക്ക് മെഡിക്കൽ ക്യാമ്പിന് അനുവദിച്ചിട്ടുള്ള തുക** | **തെറാപ്യൂട്ടിക് ഫുഡിന് 4 മാസത്തേക്ക് അനുവദിക്കുന്ന തുക (250*3*4*96.06)** |
|---|---|---|---|---|
| 1 | തിരുവനന്തപുരം | വെള്ളനാട് | 1,80,000 | 2,88,180 |
| | | തിരു. അർബൻ 1 | 1,80,000 | 2,88,180 |
| 2 | കൊല്ലം | കൊല്ലം അർബൻ 1 | 1,80,000 | 2,88,180 |
| | | അഞ്ചൽ അഡീഷണൽ | 1,80,000 | 2,88,180 |
| 3 | പത്തനംതിട്ട | റാന്നി അഡീഷണൽ | 1,80,000 | 2,88,180 |
| | | കോന്നി | 1,80,000 | 2,88,180 |
| 4 | ആലപ്പുഴ | മുതുകുളം | 1,80,000 | 2,88,180 |
| | | അമ്പലപ്പുഴ | 1,80,000 | 2,88,180 |
| 5 | കോട്ടയം | ഈരാറ്റുപേട്ട | 1,80,000 | 2,88,180 |
| | | കാഞ്ഞിരപ്പള്ളി അഡീഷണൽ | 1,80,000 | 2,88,180 |
| 6 | ഇടുക്കി | ദേവികുളം അഡീഷണൽ | 1,80,000 | 2,88,180 |
| | | അടിമാലി | 1,80,000 | 2,88,180 |

| | | | | |
|---|---|---|---|---|
| 7 | എറണാകുളം | വൈപ്പിൻ | 1,80,000 | 2,88,180 |
| | | കോതമംഗലം | 1,80,000 | 2,88,180 |
| 8 | തൃശ്ശൂർ | തളിക്കുളം | 1,80,000 | 2,88,180 |
| | | ചാലക്കുടി അഡീഷണൽ | 1,80,000 | 2,88,180 |
| 9 | പാലക്കാട് | അട്ടപ്പാടി | 1,80,000 | 2,88,180 |
| | | കൊല്ലംകോട് | 1,80,000 | 2,88,180 |
| 10 | മലപ്പുറം | നിലമ്പൂർ അഡീഷണൽ | 1,80,000 | 2,88,180 |
| | | നിലമ്പൂർ | 1,80,000 | 2,88,180 |
| 11 | കോഴിക്കോട് | കോഴിക്കോട് അർബൻ 3 | 1,80,000 | 2,88,180 |
| | | കുന്നമ്മൽ | 1,80,000 | 2,88,180 |
| 12 | വയനാട് | മാനന്തവാടി | 1,80,000 | 2,88,180 |
| | | സുൽത്താൻ ബത്തേരി | 1,80,000 | 2,88,180 |
| 13 | കണ്ണൂർ | ഇരിട്ടി | 1,80,000 | 2,88,180 |
| | | പേരാവൂർ | 1,80,000 | 2,88,180 |
| 14 | കാസർഗോഡ് | കാസർഗോഡ് അഡീഷണൽ | 1,80,000 | 2,88,180 |
| | | മഞ്ചേശ്വരം അഡീഷണൽ | 1,80,000 | 2,88,180 |
| | | **ആകെ** | **50,40,000** | **80,69,040** |
| **ആകെ തുക** | | | **1,31,09,040** | |

**(ഒരു കോടിമുപ്പത്തിഒന്നു ലക്ഷത്തി ഒൻപതിനായിരത്തി നാൽപ്പതു രൂപ)**

ടി തുക ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്ക് BAMS മുഖാന്തിരം അനുവദിക്കേണ്ടതും ജില്ലാ വനിതാശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് BIMS വഴി വിതരണം നടത്തേണ്ടതുമാണ്. **ഇതിനാവശ്യമായ ചെലവുകൾ 2021 – 22 സാമ്പത്തിക വർഷത്തെ നവജാത ശിശുക്കൾക്കു വേണ്ടിയുള്ള ആദ്യ 1000 ദിനപരിപാടിക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള 2235-02-102-50(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.**

ചെലവഴിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ വനിതശിശു വികസന ഓഫീസർമാർ ശേഖരിച്ച ലഭ്യമാക്കേണ്ടതാണ്.

**(ഒപ്പ്)**

**വനിത ശിശു വികസന ഡയറക്ടർ**

**ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്**

**പകർപ്പ്:**

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സൂപ്രണ്ട് എ സെക്ഷൻ
4. സൂപ്രണ്ട് ബി സെക്ഷൻ
5. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്